## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3962 11/11/2019-ൽ മറുപടിയ്ക്ക്**

# പുതിയ ശിശുസംരക്ഷണ നയം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) കുട്ടികളുടെ സംരക്ഷണത്തിനായി കഴിഞ്ഞ വർഷം സുപ്രീംകോടതി മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) ഇത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെ സംരക്ഷിക്കുന്നതിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 817 സ്ഥാപനങ്ങൾ ബാലനീതി നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. JJ ACT പ്രകാരം രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിനുള്ള നിർദ്ദേശം എല്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും നൽകുകയും, രജിസ്റ്റർ ചെയ്യാത്ത 288 സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുള്ളതുമാണ്. കുട്ടികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ മിനിമം സ്റ്റാൻഡേർഡ് ആന്റ് കെയർ ഉറപ്പാക്കുന്നതിന് സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെ പുനരധിവാസത്തിന്റെയും സാമൂഹിക പുനസംയോജനത്തിന്റെയും ഭാഗമായി ദത്തെടുക്കൽ, പോറ്റി വളർത്തൽ, സ്പോൺസർഷിപ്പ്, കിൻഷിപ് പോറ്റിവളർത്തൽ , ഫിറ്റ് ഫെസിലിറ്റി, കാവൽ, |

| | |
|---|---|
| | ശരണബാല്യം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സർക്കാരിന്റെ കീഴിലുള്ള ചൈൽഡ് കെയർ സ്ഥാപനങ്ങളിലെ 16 വയസ്സിനു മുകളിലുള്ള കുട്ടികൾക്ക് സ്കിൽ ഡവലപ്മെന്റിന്റെ ഭാഗമായി Hindustan Latex Family Planning Promotion Test ( HLF PPT) നേതൃത്വത്തിൽ അസ്സെസ്സ്മെന്റ് നടത്തുകയും അസ്സെസ്സ്മെന്റിന്റെ വെളിച്ചത്തിൽ അവരെ വിവിധ ജോലികളിലേക്ക് പ്ലേസ് മെന്റ് നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. സ്ഥാപനങ്ങളുടെ പ്രവർത്തങ്ങൾ നിരീക്ഷിക്കുന്നതിനായി ജില്ലാ തലത്തിൽ ജുവനൈൽ ജസ്റ്റിസ് കമ്മിറ്റികൾ രൂപീകരിച്ചു. JJ Act നടപ്പാക്കുന്നതിന്റെ ഭാഗമായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്കും നിയമ സംവിധാനങ്ങളിൽ നിയോഗിച്ചിട്ടുള്ള വ്യക്തികൾക്കും ജുഡീഷ്യൽ അക്കാദമികൾ വഴി പരിശീലനങ്ങൾ സംഘടിപ്പിച്ചു വരുന്നു. |
| (സി) സംസ്ഥാനത്ത് ശിശുസംരക്ഷണ നയത്തിന് രൂപം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) 2015 - ലെ ബാലനീതി നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി ശിശു സംരക്ഷണ നയം രൂപീകരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**